പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2314 — 18.03.2015 ൽ മറുപടിക്ക്

## ഇ-ഡിസ്ട്രിക്ട് പബ്ലിക് പോർട്ടൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ. ടി.എൻ പ്രതാപൻ**<br>**ശ്രീ. വർക്കല കഹാർ** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) ഇ-ഡിസ്ട്രിക്ട് പബ്ലിക് പോർട്ടൽ സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (ബി) അക്ഷയ കേന്ദ്രങ്ങൾ മുഖാന്തിരം ഇഡിസ്ട്രിക്ട് പദ്ധതിയിലൂടെ സംസ്ഥാന സർക്കാർ നല്കിവരുന്ന സേവനങ്ങൾ ഇന്റർനെറ്റ് വഴി ലോകത്തെമ്പാടുമുള്ള മലയാളികൾക്ക് കൂടി ലഭ്യമാക്കുക എന്നതാണ് ഇ-ഡിസ്ട്രിക്ട് പബ്ലിക് പോർട്ടലിന്റെ ഉദ്ദേശ ലക്ഷ്യം. |
| (സി) സർക്കാർ സേവനങ്ങൾ ഓൺലൈനിലൂടെ ലഭിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഇതിൽ ഒരുക്കിയിരിക്കുന്നത് ; | (സി) ഇ-ഡിസ്ട്രിക്ട് പബ്ലിക് പോർട്ടലായ www.edistrict.kerala.gov.in മുഖേന ഒറ്റത്തവണ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ വിജയകരമായി പൂർത്തിയാക്കുന്ന ഏതൊരാൾക്കും പോർട്ടലിൽ ലഭ്യമായ സേവനങ്ങൾ ഉപയോഗിക്കാവുന്നതാണ്.<br>എസ്.എസ്.എൽ.സി, റേഷൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ് എന്നിവയുടെ വിവരങ്ങൾ ഇ-ഡിസ്ട്രിക്റ്റുമായി ബന്ധിപ്പിക്കപ്പെട്ടതിനാൽ പബ്ലിക്ക് പോർട്ടലിലൂടെ ലഭിക്കുന്ന ഈ രേഖകളുടെ ആധികാരികത വില്ലേജ് ഓഫീസർമാർക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം ഇതിൽ ഒരുക്കിയിട്ടുണ്ട്. ഇതിലൂടെ സമർപ്പിക്കുന്ന അപേക്ഷ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്ന അവസരത്തിൽ അപേക്ഷകന് മൊബൈൽ എസ്.എം.എസ് വഴി അക്കാര്യം അറിയാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) ഇ-ഡിസ്ട്രിക്ട് പബ്ലിക് പോർട്ടൽ വഴി നിലവിൽ ലഭ്യമാകുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.<br>• റവന്യൂ വകുപ്പിൽ നിന്ന് ലഭിക്കുന്ന 24 സേവനങ്ങൾ/സർട്ടിഫിക്കറ്റുകൾ (അനുബന്ധമായി ചേർത്തിരിക്കുന്നു)<br>• വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ |

ഒന്നാം അപ്പീൽ, ജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതിയുമായി ബന്ധപ്പെട്ട സേവനങ്ങൾ (Public Grievance Services) തുടങ്ങിയവ.

- ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ ലഭ്യമാകുന്ന സേവനങ്ങൾ (വൈദ്യുതി ബിൽ, വെള്ളക്കരം, ബി.എസ്.എൻ.എൽ ടെലി ഫോൺ ബിൽ, വിവിധ യൂണിവേഴ്സിറ്റി ഫീസുകൾ, മോട്ടോർ വാഹന വകുപ്പ് ഫീസുകൾ എന്നിവ ഓൺ ലൈനായി അടയ്ക്കുന്നതിനുള്ള സൌകര്യം).

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| | |
|---|---|
| 1 | ജാതി സർട്ടിഫിക്കറ്റ് |
| 2 | താമസക്കാരനാണന്നുള്ള സർട്ടിഫിക്കറ്റ് |
| 3 | തിരിച്ചറിയൽ സർട്ടിഫിക്കറ്റ് |
| 4 | റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ് |
| 5 | നേറ്റിവിറ്റി സർട്ടിഫിക്കറ്റ് |
| 6 | പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് |
| 7 | സോൾവൻസി സർട്ടിഫിക്കറ്റ് |
| 8 | ലൊക്കേഷൻ സർട്ടിഫിക്കറ്റ് |
| 9 | ഡൊമിസിൽ സർട്ടിഫിക്കറ്റ് |
| 10 | വരുമാന സർട്ടിഫിക്കറ്റ് |
| 11 | കൈവശാവകാശ സർട്ടിഫിക്കറ്റ് |
| 12 | കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് |
| 13 | കൈവശാവകാശവും നോൺ-<br>അറ്റാച്ച് മെന്റും സർട്ടിഫിക്കറ്റ് |
| 14 | മിശ്ര വിവാഹ സർട്ടിഫിക്കറ്റ് |
| 15 | ലൈഫ് സർട്ടിഫിക്കറ്റ് |
| 16 | വാല്യുവേഷൻ സർട്ടിഫിക്കറ്റ് |
| 17 | വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ് |
| 18 | ഒരേ വ്യക്തിയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് |
| 19 | മത/ജാതി പരിവർത്തന സർട്ടിഫിക്കറ്റ് |
| 20 | അഗതി സർട്ടിഫിക്കറ്റ് |
| 21 | കുടുംബാംഗത്വ സർട്ടിഫിക്കറ്റ് |
| 22 | ആശ്രിതനെന്ന സർട്ടിഫിക്കറ്റ് |
| 23 | പുനർവിവാഹം നടത്തിയിട്ടില്ലെന്ന<br>സർട്ടിഫിക്കറ്റ് |
| 24 | മൈനോരിറ്റി സർട്ടിഫിക്കറ്റ് |

സെക്ഷൻ ഓഫീസർ